**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ടി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഏറ്റവും ഉയർന്ന കോവിഡ് ടി.പി.ആർ. നിരക്ക് രേഖപ്പെടുത്തിയ ദിവസവും ആ ദിവസത്തെ രോഗികളുടെ എണ്ണവും വെളിപ്പെടുത്താമോ; | (എ) | 2022 ജനുവരി 30 നാണ് കേരളത്തിൽ ഏറ്റവും ഉയർന്ന കോവിഡ് ടി.പി.ആർ. നിരക്ക് (49.89%) രേഖപ്പെടുത്തിയത്. അന്നേ ദിവസം 51,570 പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തു. ആകെ 3,54,595 പേർ ചികിത്സയിലുണ്ടായിരുന്നു. 30/01/2022 ൽ ഇന്ത്യയുടെ ടി.പി.ആർ 14.5% ആയിരുന്നു. അന്നേ ദിവസം ഇന്ത്യയിൽ ആകെ 18,84,937 രോഗികളാണ് ചികിത്സയിലുണ്ടായിരുന്നത്. |
| (ബി) | പ്രസ്തുത ദിവസത്തെ ഇന്ത്യയിലെ ശരാശരി ടി.പി.ആർ. നിരക്കും രോഗികളുടെ എണ്ണവും അറിയിക്കാമോ; | (ബി) | 2022 ജനുവരി 30 നാണ് കേരളത്തിൽ ഏറ്റവും ഉയർന്ന കോവിഡ് ടി.പി.ആർ. നിരക്ക് (49.89%) രേഖപ്പെടുത്തിയത്. അന്നേ ദിവസം 51,570 പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തു. ആകെ 3,54,595 പേർ ചികിത്സയിലുണ്ടായിരുന്നു. 30/01/2022 ൽ ഇന്ത്യയുടെ ടി.പി.ആർ 14.5% ആയിരുന്നു. അന്നേ ദിവസം ഇന്ത്യയിൽ ആകെ 18,84,937 രോഗികളാണ് ചികിത്സയിലുണ്ടായിരുന്നത്. |
| (സി) | കേരളത്തിലെ കോവിഡ് വ്യാപനം ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്ന് നിൽക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | ടി.പി.ആർ നിരക്കിനെ അടിസ്ഥാനമാക്കിയല്ല കേരളത്തിൽ നിലവിൽ കോവിഡ് വ്യാപന നിയന്ത്രണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ സമൂഹത്തിലെ കോവിഡ് രോഗബാധിതരായവരെ കണ്ടെത്തുന്നതിനായി Test-Trace-Treat എന്ന രീതിയാണ് നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി കൂടുതൽ ടെസ്റ്റുകൾ, ഊർജ്ജിതമായ കോവിഡ് രോഗ സമ്പർക്കപ്പട്ടിക തയ്യാറാക്കൽ, സമയബന്ധിതമായി പുതുക്കിയ ചികിത്സാ മാർഗ്ഗരേഖകൾ പ്രകാരമുള്ള കോവിഡ് ചികിത്സ, റഫറൽ സംവിധാനങ്ങൾ എന്നിവ അനുവർത്തിച്ചിരുന്നു. ആയതുകൊണ്ടുതന്നെ ദേശീയ ശരാശരിയെക്കാൾ കൂടുതൽ കോവിഡ് രോഗികളെ തുടക്കം മുതൽ കേരളത്തിന് കണ്ടെത്താനും ചികിത്സിക്കാനും സാധിച്ചിട്ടുണ്ട്. കോവിഡ് |

| | | | | |
|---|---|---|---|---|
| | | | | രോഗവ്യാപനത്തിന്റെ ഒരു ഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങൾ സമ്മർദ്ദത്തിലായിട്ടില്ല. കേരളത്തിലെ കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ മരണനിരക്ക് താരതമ്യേന കുറവാണ്. അതുകൊണ്ട് തന്നെ കേരളത്തിലെ രോഗനിർണ്ണയ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം മെച്ചപ്പെട്ടതാണ്. വർദ്ധിച്ച ജനസാന്ദ്രതയും മറ്റു സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളും ജീവിത-ശൈലീരോഗങ്ങളുടെ ആധിക്യവും ജീവിതശൈലിയിലുണ്ടായ മാറ്റവുമൊക്കെ കേരളത്തിലെ കോവിഡ് രോഗവ്യാപനം കൂട്ടാൻ കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ